**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3083** **18-03-2022 - ൽ മറുപടിയ്ക്ക്**

**നിരോധിത മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള മീൻപിടിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ വി കെ പ്രശാന്ത്,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ആവാസ വ്യവസ്ഥയിലെ വ്യതിയാനവും കാലാവസ്ഥ മാറ്റവും മൂലം മത്സ്യസമ്പത്ത് ഗണ്യമായി കുറയുന്ന കടലിൽ നിരോധിത മാർഗ്ഗങ്ങൾ ഉപയോഗിച്ച് മീൻപിടിത്തം വ്യാപകമാകുന്നത് മത്സ്യ സമ്പത്തിന്റെ വംശനാശത്തിന് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പേഴ്സ്-സീൻ, പെലാജിക് ട്രാൾ, മിഡ് വാട്ടർ ട്രാൾ, ബുൾ ട്രാൾ (പെയർ ട്രാൾ) മുൻകൂർ അനുമതി വാങ്ങാത്ത മറ്റ് പുതിയതരം വലകൾ എന്നിവയാണ് KMFR Act ന്റെയും KMFR Rule ന്റെയും അടിസ്ഥാനത്തിൽ കേരളത്തിൽ നിരോധിച്ചിട്ടുള്ള മത്സ്യബന്ധന രീതികൾ. ഇത് കൂടാതെ റിംഗ് സീൻ, ബോട്ടം ട്രാൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം വിജ്ഞാപനം ചെയ്യുന്ന പ്രദേശങ്ങളിലും, സമയങ്ങളിലും നിയന്ത്രിക്കാറുണ്ട്. ഇത് കൂടാതെ വിഷ പദാർത്ഥങ്ങൾ, 12 വാട്സിൽ കൂടുതലുള്ള കൃത്രിമ വെളിച്ചം, ക്ലാഞ്ഞിൽ, തൊണ്ട്, ഇലകൾ, പ്ലാസ്റ്റിക് വസ്തുക്കൾ, ഉപയോഗശൂന്യമായ വല എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. ഇത്തരം നിരോധിത മാർഗ്ഗങ്ങൾ ഉപയോഗിച്ച് ചില ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അനധികൃതമായി മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരം വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിയന്ത്രിയ്ക്കുന്നതിന് KMFR Act ലേയും Rule ലേയും വ്യവസ്ഥകൾ പ്രകാരം കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഫിഷറീസ് വകുപ്പും, മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, നിരോധിത വലകൾ ഉപയോഗിയ്ക്കുന്നത് കൊണ്ടുണ്ടാകുന്ന ദോഷ ഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | ബോധവത്കരണ പരിപാടികൾ സംഘടിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | നിരോധിത രീതിയിലുള്ള മത്സ്യബന്ധനം തടയുവാൻ അധികാരമുള്ള ഇംമ്പൗണ്ടിംഗ് ഓഫീസർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ ഫിഷറീസ് സ്റ്റേഷനുകളിലും നിലവിൽ ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനക്ഷമമല്ലാത്ത ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിലും ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ റാങ്കിൽ കുറയാത്ത റാങ്കോടുകൂടിയ ഉദ്യോഗസ്ഥരെ ഇമ്പൗണ്ടിംഗ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ മാസം തോറും റിവ്യൂ നടത്തി വിലയിരുത്തി വരുന്നുണ്ട്. KMFR Act ലംഘനം, നിരോധിത രീതിയിലുള്ള മത്സ്യബന്ധനം, മറ്റ് നിയമലംഘന പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തുന്നതിനും നിയന്ത്രിയ്ക്കുന്നതിനും ആവശ്യമായ കർശന നടപടികൾ സ്വീകരിയ്ക്കാൻ ഇവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | രാത്രികാലങ്ങളിൽ അകലം കുറഞ്ഞ കണ്ണികൾ ഉള്ള വലകൾ ഉപയോഗിച്ചുള്ള ലൈറ്റ് ഫിഷിംഗ് രീതിമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ദുരിതത്തിലാകുന്നത് ഒഴിവാക്കുന്നതിനായി ലൈറ്റ് ഫിഷിംഗ് രീതി നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | KMFR Act, 1980, KMFR Rule 2018 എന്നിവ പ്രകാരം 12 വാട്സിന് മുകളിൽ തീവ്രതയുള്ള കൃത്രിമ ലൈറ്റുകൾ ഉപയോഗിച്ചുള്ള രാത്രി മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്. |
| (ഡി) | ഫിഷറീസ് വകുപ്പിന് കീഴിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് കടലിൽ നടക്കുന്ന നിയമ ലംഘനങ്ങൾക്കെതിരെ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ഫിഷറീസ് വകുപ്പിന് കീഴിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് യുണിറ്റ് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സമുദ്ര അതിർത്തിയിൽ KMFR Act-ലെ വ്യവസ്ഥകൾ ലംഘിച്ചതിന് 928 യാനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. കടലിൽ നടക്കുന്ന മറ്റു തരത്തിലുള്ള നിയമലംഘനങ്ങൾക്ക് തീരദേശ പോലീസാണ് നടപടി സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ